# മുള: പുതിയ വികസന കാഴ്ചപ്പാടുകൾ


പി. ആർ. കൃഷ്ണൻകുട്ടി

ഒരു പ്രകൃതിവിഭവം വികസനസങ്കല്പങ്ങൾക്ക് എങ്ങനെ പുതിയ മാനങ്ങൾ നൽകുന്നു എന്നതിന്റെ മികച്ച ഉദാഹരണമായി മാറുകയാണ് 'മുള'. നിത്യോപയോഗ ഉല്പന്നങ്ങളായും ഒരു തൊഴിൽ മാർഗ്ഗമെന്ന നിലയിലും പ്ലാസ്റ്റിക്കിന് ബദലായും മര-ഉപഭോഗം കുറയ്ക്കുവാനുള്ള ഉപാധി എന്ന നിലയിലും ഒരു കയറ്റുമതി വിഭവമെന്ന നിലയിലും മുളയ്ക്കുള്ള പ്രസക്തി വീണ്ടും ചർച്ചാവിഷയമായിത്തീരുകയാണ്.

പുല്ലു വർഗ്ഗത്തിൽപ്പെട്ട അതിവേഗം വളരുന്ന മുള , വെട്ടിയെടുക്കും തോറും കൂടുതൽ കൂടുതൽ തഴച്ചുവളരുന്നു. മേൽമണ്ണിലൂടെ പടർന്ന് വളരുന്ന മുളയുടെ ശാഖകളാണ് പുറത്ത് പ്രത്യക്ഷമാകുന്നത്. നാം ഒരു മുള മുറിക്കുമ്പോൾ ഒരു മരം മുറിക്കുന്നതുപോലെ അതിന്റെ പ്രധാന തടിയല്ല മുറിച്ചെടുക്കുന്നത്, മറിച്ച് അതിന്റെ ശാഖകളാണ്. വിവേചനപരമായി മുള മുറിച്ചെടുക്കുകയാണെങ്കിൽ ആ മുളയുടെ ആയുഷ്ക്കാലഘട്ടം മുഴുവനും നമുക്ക് നല്ലൊരു അളവിൽ മുള മുറിച്ചെടുത്തുകൊണ്ടിരിക്കാം. ഒരു മുളത്തൈ നട്ട് ആറ് വർഷമാകുന്നതോടെ അതു മുറിച്ചെടുക്കാറാകുന്നുവെന്നതും മുറിച്ചെടുക്കും തോറും കൂടുതൽ കൂടുതൽ മുളകൾ വളർന്നുവരുന്നുവെന്നതും മുളയിലധിഷ്ഠിതമായ ഗ്രാമീണ വ്യവസായങ്ങൾ വളർന്നു വരേണ്ടതിന്റെ പ്രസക്തി വ്യക്തമാക്കുന്നു.

പേപ്പർ ഉണ്ടാക്കുന്നതിനും റയോൺസിനു വേണ്ടി പൾപ്പ് ഉണ്ടാക്കുന്നതിനുമാണ് ആധുനിക വ്യവസായങ്ങളിൽ നാളിതുവരെ മുള ഉപയോഗിച്ചുകൊണ്ടിരുന്നത്. പരിസരം വിഷമയമാക്കുന്ന, വനവിഭവങ്ങളെ അതിവേഗം തിന്നുമുടിക്കുന്ന ഇത്തരം വ്യവസായങ്ങൾക്കു പകരം ഗ്രാമീണവ്യവസായങ്ങൾ വളർന്നുവരികയാണെങ്കിൽ പ്രകൃതിസംരക്ഷണവും തൊഴിൽ സാദ്ധ്യതകളും നല്ലപോലെ പരിപാലിക്കാനും പരിപോഷിപ്പിക്കാനുമാകും. എളുപ്പം പുനരുല്പാദിപ്പിക്കാവുന്ന വിഭവമായ മുള ഉപയോഗിക്കുന്ന ഗ്രാമീണ വ്യവസായങ്ങൾ മാനവശേഷിയിലധിഷ്ഠിതവും ഇക്കോ- ഫ്രണ്ട്ലിയുമായതിനാൽ പരിസ്ഥിതിയെ നോവിക്കാതെത്തന്നെ ധാരാളം പേർക്ക് തൊഴിൽ നൽകാനും അവരുടെ ജീവിത നിലവാരം ഉയർത്താനും സാധ്യമാകും. അതുവഴി പരിസ്ഥിതി സംരക്ഷണ പ്രക്രിയയിൽ ജനകീയത സൃഷ്ടിക്കുന്നതിന് നിഷ്പ്രയാസം സാധ്യമാകും.

1949 മുതൽ ചൈനയുടെ വികസന തന്ത്രങ്ങളിൽ മുള ഒരു ഘടകമാക്കി മാറ്റിയിരുന്നു. ഇന്ന് മുള നട്ടുവളർത്തുന്ന കാര്യത്തിലും മുളയിലധിഷ്ഠിതമായ വ്യവസായങ്ങൾ വളർത്തിയെടുക്കുന്ന കാര്യത്തിലും ചൈന അതിദൂരം മുന്നിട്ടു കഴിഞ്ഞു. അഞ്ഞൂറോളം വൈവിധ്യമുള്ള മുളകളിൽ നിന്ന് നാലായിരത്തിലേറെ ഉല്പന്നങ്ങൾ ചൈന മുളയിൽ നിന്നുല്പാദിപ്പിക്കുകയും വിദേശ രാജ്യങ്ങളിലേക്ക് കയറ്റിയയക്കുകയും ചെയ്യുന്നു. 136 ഓളം തരം മുളകളുള്ള ഇന്ത്യ ഈ മേഖലയുടെ വികസനത്തിനു വേണ്ടി യാതൊരു ശ്രമവും നടത്തിയിട്ടില്ലായിരുന്നു. അതിന്റെ ഭാഗമായി



**മുള വ്യാപകമായി ഉപയോഗിച്ചു തുടങ്ങുന്നതോടെ നമുക്ക മരത്തിന്റെ ഉപഭോഗം കുറയ്ക്കാനാകും. പ്ലാസ്റ്റിക്കിനെ ഒരളവിൽ ഒഴിവാക്കാനാകും. അതോടൊപ്പം വർദ്ധിച്ചുവരുന്നേക്കാവുന്ന മുളയുടെ ആവശ്യം നിറവേറ്റുന്നതിന് കർഷകർ മുളകൃഷി ആരംഭിക്കുകയുംചെയ്യും.തകർച്ച നേരിടുന്ന കാർഷികമേഖലയും പരമ്പരാഗത തൊഴിൽമേഖലകളും പുതുജീവൻ നേടുന്നതിന് ഇതു സഹായകമാകും.**

നിലവിലുണ്ടായിരുന്ന പരമ്പരാഗത മേഖല തകർന്നു പോവുകയും ചെയ്തു. 1999 ജൂൺ 5ന് മുളയുടെ സമഗ്രവും അഖണ്ഡവുമായ ഒരു കർമ്മപരിപാടി വാജ്പേയി ഗവൺമെന്റ് പ്രഖ്യാപിക്കുന്നതോടെയാണ് ഇന്ത്യ ഈ മേഖലയിലേക്ക് വാതായനങ്ങൾ തുറന്നിടാൻ തുടങ്ങിയത്.

കുട്ട, മുറം, പനമ്പ് പോലുള്ള പരമ്പരാഗത ഉല്പന്നങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായിരുന്നു കേരളത്തിലെ മുള ഉപയോഗിച്ചുള്ള കരകൗശല മേഖല. ആധുനികാവശ്യങ്ങൾക്കനുയോജ്യമായ പുതിയ ഡിസൈനുകൾ കണ്ടെത്തി ഒരു സമുദായം എന്നതിൽ നിന്നും ഒരു സമൂഹത്തെ തന്നെ ഈ തൊഴിലിലേക്ക് ഉയർത്തിയെടുക്കുകയാണ് ഈ മേഖലകളുടെ വികസനത്തിന് അത്യാവശ്യമായത്. വയനാട്ടിലെ തൃക്കൈപ്പറ്റ ഗ്രാമത്തിലെ ഉറവ് നാടൻ ശാസ്ത്ര സാങ്കേതിക പഠന കേന്ദ്രത്തിന്റെ വിജയം തന്നെ ഇതിന്റെ പ്രായോഗികതക്ക് ഏറ്റവും വലിയ തെളിവ്. തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട് ജില്ലകളിലായി ഇരുന്നൂറിലേറെ പേർക്ക് മുളയുല്പന്നനിർമ്മാണത്തിൽ പരിശീലനം നൽകിക്കഴിഞ്ഞു. ഇപ്പോഴും പരിശീലനപദ്ധതികൾ തുടർന്നുകൊണ്ടിരിക്കുന്നു.

പരിസ്ഥിതി മലിനമാക്കുന്ന പൾപ്പ് വ്യവസായത്തിന്റെ സ്ഥാനത്ത് ഫർണിച്ചറുകൾ, അലങ്കാരവസ്തുക്കൾ, അടുക്കള ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ, ആഭരണങ്ങൾ, ഓഫീസ് ഉപകരണങ്ങൾ, കൗതുക വസ്തുക്കൾ, കെട്ടിട നിർമ്മാണം തുടങ്ങി അനവധി ഉല്പന്നങ്ങൾ മുളയിൽ നിന്നും രൂപപ്പെടുത്തിയെടുക്കാമെന്നത് ഇക്കോ-ഫ്രണ്ട്ലി വ്യവസായ സാധ്യതകളുടെ വ്യാപ്തി വ്യക്തമാക്കുന്നു.

പാശ്ചാത്യ രാജ്യങ്ങളിൽ വർദ്ധിച്ചുവരുന്ന പ്രകൃതി സാഹോദര്യ ഉല്പന്നങ്ങളുടെ ഡിമാന്റ് ഇന്ന് മുളയെ ഒരു ആകർഷക വിഭവമാക്കി മാറ്റിയിട്ടുണ്ട്. മുളയുല്പന്നങ്ങൾക്ക് വൻഡിമാന്റ് ഈ രാജ്യങ്ങളിൽനിന്നും ഉയർന്നുവന്നുകൊണ്ടിരിക്കുന്നു.

ഭൂകമ്പമേഖലയിലെ ജനങ്ങളുടെ പുനരധിവാസത്തിന് ഏറ്റവും അനുയോജ്യമായ വിഭവമായി മുള പ്രസിദ്ധിയാർജ്ജിച്ചിട്ടുണ്ട്. പരിസ്ഥിതിക്കിണങ്ങുന്ന വീടുകൾ നിർമ്മിക്കുന്നതിന് ആശ്രയിക്കാവുന്ന ഏറ്റവും നല്ല വിഭവവും മുള തന്നെയാണ്. പഴയകാല കുടിലുകളുടെ സ്ഥാനത്തു നിന്നും മനോഹരമായ വീടുകളുടെ സ്ഥാനത്തേക്ക് മുളവീടുകൾ വളർന്നുകഴിഞ്ഞു. കോസ്റ്ററിക്ക, കൊളംബിയ പോലുള്ള ലാറ്റിനമേരിക്കൻ രാജ്യങ്ങൾ മുളവീടുകൾ വ്യാപകമായി നിർമ്മിക്കുന്നതിൽ ഇന്ന് മുന്നിലാണ്. 1995ൽ 7.5 റിക്ടർ സ്കെയിലിൽ രേഖപ്പെടുത്തിയ ഭൂകമ്പത്തെ അതിജീവിച്ചത് കോസ്റ്ററിക്കയിലെ മുളവീടുകളായിരുന്നു.

ഇക്കോ-മൂല്യവും തൊഴിൽ സാദ്ധ്യതകളും പരിഗണിച്ച് മുള ഇന്ന് ഹരിതസ്വർണ്ണം, ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മരം എന്നെല്ലാം നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. മുള വ്യാപകമായി ഉപയോഗിച്ചു തുടങ്ങുന്നതോടെ നമുക്ക് മരത്തിന്റെ ഉപഭോഗം കുറയ്ക്കാനാകും. പ്ലാസ്റ്റിക്കിനെ ഒരളവിൽ ഒഴിവാക്കാനാകും. അതോടൊപ്പം വർദ്ധിച്ചു വരുന്നേക്കാവുന്ന മുളയുടെ ആവശ്യം നിറവേറ്റുന്നതിന് കർഷകർ മുളകൃഷി ആരംഭിക്കുകയും ചെയ്യും. ഇതുവഴി തകർച്ച നേരിടുന്ന കാർഷിക മേഖലയും പരമ്പരാഗത തൊഴിൽ മേഖലകളും പുതുജീവൻ നേടി വളർന്നുവരുന്നതിന് സഹായകമായേക്കാം.

ആഗോളവല്ക്കരണവും പാശ്ചാത്യവല്ക്കരണവും നമ്മുടെ കൃഷിയേയും തനതായ വ്യവസായങ്ങളെയും തകർത്തു കഴിഞ്ഞ ഈ കാലഘട്ടത്തിൽ പാശ്ചാത്യർക്ക് സ്വാധീനമില്ലാത്ത മുളയുടെ മേഖലയിൽ സമഗ്രവികസനം വരികയാണെങ്കിൽ മുളവിഭവങ്ങളിൽ നിർണ്ണായക സ്വാധീനമുള്ള ഇന്ത്യ, ചൈന പോലുള്ള രാജ്യങ്ങൾക്ക് ഇതിന്റെ നിയന്ത്രണം ഏറ്റെടുക്കാനാകും.

തൊട്ടിൽ മുതൽ മഞ്ചൽ വരെ ഏതാവശ്യത്തിനും മുളയെ ആശ്രയിച്ചിരുന്ന ഒരു പാരമ്പര്യം നമുക്കുണ്ട്. അതേ പാരമ്പര്യത്തെ നവീനാഭിലാഷങ്ങൾക്കനുയോജ്യമായ രീതിയിൽ തിരിച്ചുപിടിക്കുകയാണെങ്കിൽ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ശക്തമായ രാജ്യമായി നമുക്കു മാറാനാകും.

ഒപ്പം മുളയിലധിഷ്ഠിതമായ ഒരു സമ്പദ്‌വ്യവസ്ഥ സൃഷ്ടിച്ചെടുക്കുന്നതിലൂടെ നമുക്കു നമ്മുടെ പൗരാണികപ്രതാപം തിരിച്ചുപിടിക്കാനാകും.